**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :578 29.10.2019-ലെ മറുപടിക്ക്

## റാന്നി റബ്ബർ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വ്യവസായികരംഗത്ത് പിന്നോക്കം നിൽക്കുന്നതും റബ്ബർ ഉൽപ്പാദനത്തിൽ മുന്നിൽ നിൽക്കുന്നതുമായ പത്തനംതിട്ട ജില്ലയിലെ റാന്നി കേന്ദ്രമാക്കി പ്രഖ്യാപിച്ച റബ്ബർ പാർക്കിന്റെ പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എന്തുകൊണ്ടാണ് പ്രവർത്തനം ആരംഭിക്കാൻ വൈകുന്നത് എന്ന് വിശദമാക്കുമോ ;<br><br>(ബി) ഇതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി ആരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും ഇതിന്റെ പുരോഗതിയും വ്യക്തമാക്കാമോ; | **(എ)&(ബി)** ഉണ്ട്. പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ എ.വി.റ്റി കമ്പനി വക, ദി മിഡ് ലാന്റ് റബ്ബർ & പ്രൊഡ്യൂസ് കമ്പനി ലിമി-ന്റെ പേരിലുള്ള സ്ഥലത്തിൽ ഉൾപ്പെട്ട പുറമ്പോക്ക് കണ്ടെത്തി റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. റബ്ബർ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് എ.വി.റ്റി കമ്പനിക്ക് എതിരെ ശ്രീദേവി ശാസ്താ ക്ഷേത്രത്തിന് വേണ്ടി ശ്രീ.എൻ.ശശി ബഹു.കേരള ഹൈകോടതിയിൽ ഫയൽ ചെയ്ത WP(C)No.34185/15 കേസ് നിലനിൽക്കുന്നതിനാൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലമെടുപ്പ് നടപടികൾക്കായി പത്തനംതിട്ട ജില്ലാ കളക്ടറെയാണ് ചുമതലപ്പെടുത്തിയിരുന്നത്. |
| (സി) ഈ സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനു മുൻപ് റബ്ബർപാർക്ക് യാഥാർത്ഥ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ; | (സി) പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകാനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ് |

| | |
|---|---|
| (ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) റബ്ബർ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് എ.വി.റ്റി കമ്പനിക്ക് എതിരെ ശ്രീദേവി ശാസ്താ ക്ഷേത്രത്തിന് വേണ്ടി ശ്രീ.എൻ.ശശി ബഹു.കേരള ഹൈകോടതിയിൽ ഫയൽ ചെയ്ത WP(C) No.34185/15 കേസ് നിലനിൽക്കുന്നതിനാൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ഇ) ഈ സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനു മുൻപ് കിൻഫ്രയുടെ ഏതെങ്കിലുമൊരു വ്യവസായ സ്ഥാപനം ഇവിടെ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (ഇ) പദ്ധതിക്ക് അനുയോജ്യമായ ഭൂമി ലഭിക്കുന്ന പക്ഷം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**